**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ റോളർ സ്പോർട്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സ് ആൻഡ് ഗെയിംസ് മീറ്റിലെ റോളർ സ്കേറ്റിംഗ് മത്സരങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനായി പ്രത്യേകം അണ്ടർ 14, അണ്ടർ 17 പ്രായ വിഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | മാന്വൽ ഓഫ് കേരള സ്റ്റേറ്റ് സ്കൂൾസ് സ്പോർട്സ് ആൻഡ് ഗെയിംസിൽ ഉൾപ്പെടുത്തിയിട്ടുള്ള റോളർ സ്കേറ്റിംഗ് അണ്ടർ 19 ആൺകുട്ടികൾ/പെൺകുട്ടികൾ എന്നീ വിഭാഗങ്ങളിൽ മാത്രമാണ് നിലവിൽ സംസ്ഥാന സ്കൂൾ കായികമേള മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. സ്പോർട്സ് മാന്വൽ സമഗ്രമായി പരിഷ്കരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് മാന്വൽ പരിഷ്കരണ വേളയിൽ ഈ വിഷയം പ്രസ്തുത വിദഗ്ധ സമിതി പരിശോധിക്കുന്നതാണ്. |
| (ബി) | സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള കളിസ്ഥലവുമായി ബന്ധപ്പെട്ട് റോളർ സ്പോർട്സ് (സ്കേറ്റിംഗ്) പരിശീലനത്തിനായി ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ ഇതിനായി പ്രത്യേക പദ്ധതികളൊന്നും തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. ഈ വിഷയം നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ